**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **12-02-2024 - ൽ മറുപടിയ്ക്ക്**

**അരുക്കുറ്റി ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ അരുക്കുറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ അരുക്കുറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ 51% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാർഡ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ ഫണ്ടും ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഏജൻസി KMSCLഉം നിർമ്മാണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ്. |
| (ഡി) | നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കരാർ വ്യവസ്ഥപ്രകാരം പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 23.01.2023 ആയിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത കാലാവധി 7.11.2023 വരെ നീട്ടിനൽകിയിരുന്നു. വീണ്ടും കരാർ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ